ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 26.11.2024 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. ഭരണഘടനയുടെ 75-ാം വാർഷികം സമുചിതമായി ആഘോഷിച്ച് രാജ്യം. ജനാധിപത്യത്തിന്റെ അടിസ്ഥാനമാണ് ഭരണഘടനയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

**Nation celebrates Constitution Day today to mark 75 years of its adoption; President Droupadi Murmu addressed the joint sitting of both Houses of Parliament. The President described the Constitution as a living and progressive document through which the country has achieved the goals of social justice and inclusive development.**

2. രാജ്യത്തെ നയിക്കുന്ന വെളിച്ചമാണ് ഭരണഘടനയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സുപ്രീംകോടതിയിൽ നടക്കുന്ന ഭരണഘടനാ ദിനാഘോഷത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

**Prime Minister Narendra Modi said that the constitution is the guiding light of the nation. PM to participate in Constitution Day celebrations at the Supreme Court this evening.**

3. കേരളമുൾപ്പെടെ 15 സംസ്ഥാനങ്ങൾക്ക് ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി ധനസഹായം അനുവദിച്ച് കേന്ദ്രസർക്കാർ. കേരളത്തിന് അനുവദിച്ചത് 72 കോടി രൂപ.

**The Central Government has approved over one thousand 115 crore rupees for disaster mitigation and capacity building projects for fifteen States. Rs. 72 Crores allocated for Kerala.**

4. ലോറി അപകടത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ഗതാഗത മന്ത്രി കെ.ബി ഗണേഷ്കുമാർ.

**Kerala Transport Minister K.B Ganesh Kumar assured stringent actions against the culprits in Nattika lorry accident.**

5. ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് മുംബൈ സിറ്റി പഞ്ചാബ് എഫ്സിയെ നേരിടും.

**In ISL, Mumbai City FC will face Punjab FC on their home ground at Mumbai Football Arena.**

## HEADLINE-1

### President Constitution Day

*രാജ്യത്ത് സാമൂഹ്യനീതിയും, സമഗ്ര വികസനവും ഉറപ്പുവരുത്തുന്ന ഇന്ത്യൻ ഭരണഘടന , പവിത്രമായ ഗ്രന്ഥമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഭരണഘടനാ ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിലെ സംവിധാൻ ഭവനിൽ നടന്ന ആഘോഷച്ചടങ്ങിൽ പാർലമെൻറ് അംഗങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. ജനാധിപത്യത്തിന്റെ അടിസ്ഥാനമാണ് ഭരണഘടനയെന്നും, പൗരന്മാരുടെ അവകാശങ്ങൾ ഭരണഘടന ഉറപ്പുവരുത്തുന്നതായും രാഷ്ട്രപതി പറഞ്ഞു.*

*(ഹോൾഡ് വോയ്സ്.........)*

*ഇന്ത്യൻ ജനാധിപത്യത്തെ കാര്യക്ഷമമായ വിധത്തിൽ രൂപപ്പെടുത്തുന്നതിൽ ഭരണഘടന നിർണായക പങ്ക് വഹിച്ചതായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ചടങ്ങിൽ പറഞ്ഞു. രാജ്യത്തെ ജനങ്ങളുടെ ത്യാഗത്തിൻറെയും ശക്തിയുടെയും ഫലമാണ് ഇന്ത്യൻ ഭരണഘടനയെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള അഭിപ്രായപ്പെട്ടു. പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര മന്ത്രിമാർ, പാർലമെൻറ് പ്രതിപക്ഷ നേതാക്കളായ മല്ലികാർജുൻ ഖർഗേ, രാഹുൽ ഗാന്ധി, മറ്റ് പാർലമെൻറ് അംഗങ്ങൾ തുടങ്ങിയവരും ചടങ്ങിൽ സന്നിഹിതരായി. ഭരണഘടന ദിനാഘോഷത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചുള്ള അനുസ്മരണ സ്റ്റാമ്പും രാഷ്ട്രപതി ചടങ്ങിൽ പുറത്തിറക്കി.*

*ഭരണഘടന അംഗീകരിച്ചതിന്റെ 75 -ാാം വാർഷികത്തോടനുബന്ധിച്ച് ഒരു വർഷം നീളുന്ന ആഘോഷ പരിപാടികൾക്കാണ് കേന്ദ്ര സർക്കാർ ഇന്ന് തുടക്കം കുറിച്ചത്. ഹമാരാ സംവിധാൻ, ഹമാരാ സ്വാഭിമാൻ എന്ന പേരിൽ വിപുലമായ പ്രചാരണ പരിപാടികളാണ് ഇതോടനുബന്ധിച്ച് രാജ്യത്ത് സംഘടിപ്പിക്കുന്നത്. ഭരണഘടനയുടെ ആമുഖം വായിച്ചുകൊണ്ട് ദശലക്ഷക്കണക്കിന് ജനങ്ങളും ദിനാചരണത്തിൽ പങ്കുചേരുന്നുണ്ട്.*

&&&&&&&&&&&&&&&&&&&&&&

# HEADLINE-2

## PM-CONSITUTION DAY

ഇന്ത്യൻ ഭരണഘടനയുടെ 75-ാാം വാർഷികാഘോഷ വേളയിൽ രാജ്യത്തെ ജനങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസകൾ നേർന്നു. രാജ്യത്തെ നയിക്കുന്ന വെളിച്ചമാണ് ഭരണഘടനയെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. ഭരണഘടനാ ദിനാചരണത്തോടനുബന്ധിച്ച് സുപ്രീം കോടതിയിൽ ഇന്ന് വൈകുന്നേരം നടക്കുന്ന പരിപാടിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. ഇന്ത്യൻ ജുഡീഷ്യറിയുടെ 2023-24 വാർഷിക റിപ്പോർട്ടും പ്രധാനമന്ത്രി പ്രകാശനം ചെയ്യും. കേന്ദ്ര നിയമമന്ത്രി അർജുൻ റാം മേഘ്വാൾ, ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന, സുപ്രീം കോടതിയിലെ മറ്റ് ജഡ്ജിമാർ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരാകും.

&&&&&&&&&&&&&&&&&&&&&&

## CJI CONSTITUTION DAY

ഊർജസ്വലമായ ജനാധിപത്യ രാജ്യമായി മാറാൻ ഭരണഘടന ഇന്ത്യക്ക് സഹായകമായതായി ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന. സുപ്രീം കോടതി ബാർ അസോസിയേഷൻ സംഘടിപ്പിച്ച ഭരണഘടനാ ദിനാഘോഷ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യൻ ജനാധിപത്യത്തിൽ സ്വാതന്ത്ര്യാനന്തരം ഭരണഘടന നിർവഹിച്ച പങ്ക് ഉയർത്തിക്കാട്ടിയ അദ്ദേഹം, രാജ്യത്തെ ജനങ്ങൾക്ക് ഭരണഘടനാ ദിനാശംസകളും നേർന്നു.

&&&&&&&&&&&&&&&&&&&&&&

## CONSTITUTION DAY - STATE

ഭരണഘടനാ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തും ഇന്ന് വിപുലമായ പരിപാടികൾ . നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം കവടിയാർ വിവേകാനന്ദ പ്രതിമയ്ക്ക് മുന്നിൽ നിന്ന് ഇന്ന് രാവിലെ 500-ഓളം യുവ ഭാരത് വളണ്ടിയർമാർ അണിനിരന്ന പദയാത്ര സംഘടിപ്പിച്ചു. നിയമസഭാ പരിസരത്ത് സമാപിച്ച പദയാത്രയിൽ വിവിധ യുവജന സംഘടനകളും വിദ്യാർത്ഥി പ്രതിനിധികളും പങ്കെടുത്തു. തുടർന്ന് ഭരണഘടനാ ദിനാഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് സ്പീക്കർ എ. എൻ. ഷംസീർ ഭരണഘടനയുടെ ആമുഖം വായിച്ചു. നിയമസഭാ ലൈബ്രറിയിൽ സംഘടിപ്പിക്കുന്ന പുസ്തക പ്രദർശനത്തിന്റെ ഉദ്ഘാടനവും സ്പീക്കർ നിർവഹിച്ചു. ഈ മാസം 28 വരെയാണ് പ്രദർശനം.

&&&&&&&&&&&&&&&&&&&&&&

# HEADLINE-3

## GOVT – DISASTER FUND

ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി കേരളമുൾപ്പെടെ 15 സംസ്ഥാനങ്ങൾക്ക് 1,115 കോടി രൂപ അനുവദിച്ച് കേന്ദ്രസർക്കാർ. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിലുള്ള ഉന്നതതല സമിതിയുടേതാണ് തീരുമാനം. കേരളത്തിന് 72 കോടി രൂപയാണ് അനുവദിച്ചത്. വടക്കു കിഴക്കൻ സംസ്ഥാനങ്ങൾക്ക് 378 കോടി രൂപയും ഉത്തരാഖണ്ഡ്, ഹിമാചൽ പ്രദേശ് സംസ്ഥാനങ്ങൾക്ക് 139 കോടി രൂപ വീതവും മഹാരാഷ്ട്രയ്ക്ക് 100 കോടി രൂപയും അനുവദിച്ചു. കർണാടകത്തിന് 72 കോടി രൂപയും തമിഴ്നാടിനും പശ്ചിമബംഗാളിനും 50 കോടി രൂപ വീതവുമാണ് അനുവദിച്ചത്.

&&&&&&&&&&&&&&&&&&&&&&

## CABINET

ആദായനികുതി വകുപ്പിന്റെ പാൻ 2.0 പദ്ധതിക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന സാമ്പത്തികകാര്യ മന്ത്രിസഭാസമിതി അംഗീകാരം നൽകി. നിലവിലുള്ള സംവിധാനം പൂർണമായി നവീകരിച്ച് പുതിയ ഏകീകൃത പോർട്ടൽ നിലവിൽ വരുമെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. നിലവിലെ പാൻ നമ്പറിൽ മാറ്റമുണ്ടാകില്ല. ഇന്ത്യയുടെ സംരംഭകത്വ ആവാസ വ്യവസ്ഥ

വിപുലീകരിക്കുന്നതിനായി അടൽ ഇന്നോവേഷൻ മിഷൻ തുടരുന്നതിനും കേന്ദ്ര മന്ത്രിസഭാ യോഗം അംഗീകാരം നൽകി. ഇതിനായി 2028 മാർച്ച് 31 വരെ 2,750 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

&&&&&&&&&&&&&&&&&&&&&&

# HEADLINE-4

## NATTIKA

തൃശൂർ നാട്ടികയിൽ ലോറി പാഞ്ഞുകയറി 5 പേർ മരിച്ച സംഭവത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ഗതാഗത മന്ത്രി കെ.ബി ഗണേഷ്കുമാർ. ഗതാഗത കമീഷണറുടെ പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലോറി ഡ്രൈവറുടെ ലൈസൻസും വാഹനത്തിന്റെ രജിസ്ട്രേഷനും പെർമിറ്റും റദ്ദാക്കുമെന്ന് മന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ലൈസൻസ് ഇല്ലാതെ വാഹനമോടിച്ച ക്ലീനർക്കെതിരെ നിയമപരമായി പരമാവധി നടപടി സ്വീകരിക്കും. ഡ്രൈവറും ക്ലീനറും നിലവിൽ പൊലീസ് കസ്റ്റഡിയിലാണെന്നും മന്ത്രി വ്യക്തമാക്കി.

ഇന്ന് പുലർച്ചെയാണ് തൃശൂർ നാട്ടികയിൽ തടി കയറ്റി വന്ന ലോറി, ഉറങ്ങിക്കിടന്ന നാടോടികൾക്കിടയിലേക്ക് നിയന്ത്രണം വിട്ട് പാഞ്ഞുകയറി 5 പേർ മരിച്ചത്. മരിച്ചവരിൽ രണ്ട് പേർ കുട്ടികളാണ്. പരിക്കേറ്റ ഏഴു പേരെ തൃശൂർ മെഡിക്കൽ കോളേജിലേക്ക് മാറ്റി. ഇതിൽ രണ്ട് പേരുടെ നില ഗുരുതരമാണ്.

&&&&&&&&&&&&&&&&&&&&&&

## WYANAD SUSPENSION

വയനാട് തിരുനെല്ലി കൊല്ലിമൂല ആദിവാസി കുടിലുകൾ പൊളിച്ച് നീക്കിയ സംഭവത്തിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറെ സസ്പെൻഡ് ചെയ്തു.

ബാവലി സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ടി. കൃഷ്ണനെതിരെയാണ് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നടപടി സ്വീകരിച്ചത്. ആദിവാസികളുടെ കുടിലുകൾ പൊളിച്ച് മാറ്റിയ സംഭവത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു.

&&&&&&&&&&&&&&&&&&&&&&

**PREZ-MUMBAI ATTACKS**

മുംബൈ ഭീകരാക്രമണം നടന്നിട്ട് ഇന്നേക്ക് 16 വർഷം പൂർത്തിയായി. ഭീകരാക്രമണത്തിൽ ജീവൻ നഷ്ടമായവർക്ക് രാഷ്ട്രപതി ദ്രൗപദി മുർമ്മു ശ്രദ്ധാഞ്ജലി അർപ്പിച്ചു. രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ചവരുടെ ധീരതയെ സ്മരിക്കുന്നതായും, ഈ ധീരയോദ്ധാക്കളുടെ കുടുംബങ്ങളോടൊപ്പമുണ്ടാകുമെന്നും രാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു. എല്ലാ തരത്തിലുമുള്ള ഭീകരപ്രവർത്തനങ്ങളെയും ഇല്ലാതാക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും രാഷ്ട്രപതി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&

**IFFI**

55-മത് ഗോവ രാജ്യാന്തര ചലച്ചിത്രമേളയുടെ ആറാം ദിനത്തിൽ പ്രദർശനത്തിനെത്തുന്നത് 70-ലേറെ ചിത്രങ്ങൾ. പിയേഴ്സ്, വൈ ഡു ഐ ബിലോങ്ങ് ടു, ദ ന്യൂ ഇയർ ദാറ്റ് നെവർ കെയിം തുടങ്ങിയ ചിത്രങ്ങൾ മത്സര വിഭാഗത്തിൽ ഇന്ന് പ്രദർശിപ്പിക്കും. മറ്റന്നാളാണ് മേളയുടെ സമാപനം.

&&&&&&&&&&&&&&&&&&&&&&

**IDUKKI CHERUTHONNI DAM (INTRO)**

***ഇടുക്കി - ചെറുതോണി ഡാമുകളിലെ സന്ദർശനാനുമതി മെയ് 31 വരെ ദീർഘിപ്പിച്ചു. ബുധനാഴ്ചകളിൽ സന്ദർശനാനുമതി ഉണ്ടായിരിക്കില്ല.***

***വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ........***

*(വോയിസ്)*

&&&&&&&&&&&&&&&&&&&&&&

# HEADLINE-5

## ISL

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് മുംബൈ സിറ്റി പഞ്ചാബ് എഫ്സിയെ നേരിടും. രാത്രി 7.30-ന് മുംബൈയിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ഹൈദരാബാദ് എഫ്സിക്കെതിരെ ഒഡിഷ എഫ്സി വിജയിച്ചിരുന്നു.

&&&&&&&&&&&&&&&&&&&&&&

## .IPL

IPL താര ലേലത്തിൽ കരാർ നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ കളിക്കാരനായി, 13 കാരനായ വൈഭവ് സൂര്യവൻഷി. ഒരു കോടി 10 ലക്ഷം രൂപയ്ക്കാണ് രാജസ്ഥാൻ റോയൽസ് വൈഭവിനെ സ്വന്തമാക്കിയത്. അണ്ടർ-19 അന്താരാഷ്ട്ര മത്സരത്തിൽ ഓസ്ട്രേലിയക്കെതിരെ 62 പന്തിൽ നിന്ന് 104 റൺസ് നേടി, സെഞ്ച്വറി നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ താരമായി വൈഭവ് ശ്രദ്ധ നേടിയിരുന്നു. വൈഭവിന്റെ നേട്ടത്തിൽ ബിഹാർ ക്രിക്കറ്റ് അസോസിയേഷൻ അഭിനന്ദനം അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

## Donald Trump

കാനഡയിൽ നിന്നും മെക്സിക്കോയിൽ നിന്നും വരുന്ന എല്ലാ ഉൽപ്പന്നങ്ങൾക്കും 25 ശതമാനം തീരുവയും, ചൈനയിൽ നിന്നുള്ള ഇറക്കുമതിക്ക് 10 ശതമാനം അധിക തീരുവയും ചുമത്തുമെന്ന് നിയുക്ത അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് . അമേരിക്കയിലേക്കുള്ള അനധികൃത കുടിയേറ്റക്കാരുടെ ഒഴുക്കും, മയക്കുമരുന്ന് കടത്തും തടയുന്നത് ലക്ഷ്യമിട്ടാണ്

നടപടിയെന്ന് അദ്ദേഹം പറഞ്ഞു. ജനുവരി 20 ന് അധികാരമേറ്റതിന് ശേഷമുള്ള തന്റെ ആദ്യ നടപടികളിലൊന്നായിരിക്കും ഇതെന്നും ട്രംപ് വ്യക്തമാക്കി .

&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&